ഭരണഭാഷ മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ
തിരുവനന്തപുരം.33

നം.DT/3083/2021-A9 തീയതി :15-10-2024

**<u>സർക്കുലർ</u>**

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - KEXCON മുഖേനെയുള്ള നിയമനങ്ങൾക്ക് അനുവദനീയമായ വേതനത്തിനോടൊപ്പം 5% നിരക്കിൽ സർവീസ് ചാർജ്ജും, 18% GST യും അനുവദിക്കുന്നത് സംബന്ധിച്ച്:-

സൂചന:- സ.ഉ(സാധാ) നം.17/2024/SWD തീയതി. 13.06.2024

*************

KEXCON മുഖേനെ നിയമനം നടത്തുന്ന സെക്യൂരിറ്റി ജീവനക്കാർക്ക്, അനുവദനീയമായ വേതനത്തിനോടൊപ്പം 18% GST യ്ക്ക് പുറമെ 5% നിരക്കിൽ സർവീസ് ചാർജ്ജ കൂടി അനുവദിക്കാവുന്നതാണോ എന്നതിൽ വ്യക്തത ആവശ്യപ്പെട്ട കൊണ്ട് വിവിധ സ്ഥാപനങ്ങളിൽ നിന്നും കത്തുകൾ / ഫോൺ സന്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

KEXCON മുഖേനെയുള്ള നിയമനങ്ങൾക്ക് അനുവദനീയമായ വേതനത്തിനോടൊപ്പം 5% നിരക്കിൽ സർവീസ് ചാർജ്ജും 18% GST യും തൊഴിൽ ദാതാവിൽ നിന്നും ഈടാക്കുന്നതിനു അനുമതി നൽകി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിന് വിധേയമായി, മേൽ വ്യവസ്ഥ കൂടി ഉൾപ്പെടുത്തി KEXCON മായി കരാറിൽ ഏർപ്പെടാവുന്നതും ആയതിന്റെ അടിസ്ഥാനത്തിലുള്ള വേതനം അനുവദിക്കാവുന്നതുമാണ്. കൂടാതെ, മേൽ ഉത്തരവിൽ, ഉത്തരവിന്റെ പ്രാബല്യതീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച തീയതിയ്ക്ക് (13.06.2024) ശേഷമുള്ള കരാറുകളിൽ മാത്രം മേൽ വ്യവസ്ഥ ബാധകമാക്കേണ്ടതാണ്.

JASMINE B KAS
ADMINISTRATIVE OFFICER
ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി.

**<u>സ്വീകർത്താവ്:-</u>**

ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
(KEXCON മുഖേനെ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്ന സ്ഥാപനങ്ങൾ)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സൈനികക്ഷേമ വകുപ്പ് - കെക്സ്ക്കോൺ മുഖേനയുള്ള നിയമനങ്ങൾക്ക് അനുവദനീയമായ വേതനത്തോടൊപ്പം 5% നിരക്കിൽ സർവ്വീസ് ചാർജും 18% നിരക്കിൽ ജി.എസ്.ടി. യും തൊഴിൽദാതാവിൽ നിന്ന് ഈടാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനികക്ഷേമ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.17/2024/SWD തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:- 1. സ.ഉ (Ms)No.409/00/പൊ.ഭ.വ തീയതി, 23.06.2000

2. സൈനികക്ഷേമ വകുപ്പിന്റെ 01.10.2012ലെ 71307/12/GAD നമ്പർ സർക്കുലർ

3. കെക്സ്കോൺ എം.ഡിയുടെ 10.06.2020 തീയതിയിലെ 501/Proj/Gen/5 KEXCO നമ്പർ കത്ത്.

<u>ഉത്തരവ്</u>

എല്ലാ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തദ്ദേശ സ്ഥാപനങ്ങളിലും സുരക്ഷാ സംബന്ധമായ ചുമതലകൾ ക്ക് സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കേണ്ടത് കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷനിൽ നിന്നായിരിക്കണം എന്ന് നിഷ്ക്കർഷിച്ച് പരാമർശം 2 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. കെക്സ്കോൺ മുഖാന്തിരം നിയമിക്കപ്പെടുന്ന സെക്യൂരിറ്റി ജീവനക്കാർ ക്ക് 5% സർവ്വീസ് ചാർജ്ജും 18% ജി.എസ്.ടിയും നൽകുന്നതിന് പല സ്ഥാപനങ്ങളും വിമുഖത കാട്ടുന്നതായും, സർവ്വീസ് ചാർജ്ജ് നിഷ്കർഷിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നുവെന്നും, ആയത് പലപ്പോഴും സുഗമമായ പ്രവർത്തനത്തിന്

വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നുവെന്നും കെക്സ്കോൺ മാനേജിംഗ് ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കെക്സ്കോൺ മുഖേന വിമുക്തഭടന്മാരെ നിയമിക്കുന്ന സ്ഥാപനങ്ങൾ വേതനത്തിനു പുറമെ 5% സർവീസ് ചാർജ്ജും, 18% ജി.എസ്.ടിയും നൽകണമെന്ന് നിഷ്കർഷിക്കുന്ന ഉത്തരവ് ലഭ്യമാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയുമുണ്ടായി.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കെക്സ്കോൺ എം.ഡിയുടെ അഭ്യർത്ഥന മാനിച്ച് കെക്സ്കോൺ മുഖേനയുള്ള നിയമനങ്ങൾക്ക് അനുവദനീയമായ വേതനത്തോടൊപ്പം 5% നിരക്കിൽ സർവ്വീസ് ചാർജും 1 8 % നിരക്കിൽ ജി.എസ്.ടി. യും തൊഴിൽദാതാവിൽ നിന്ന് ഈടാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കെക്സ്കോൺ, തിരുവനന്തപുരം
2. ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
5.ധനകാര്യ വകുപ്പ്( **No.2379249/PU-C3/2023-FIN** )
6. ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പ്
7.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ